'മരണമോഷ മാതൃമോഷ്'

നിയമസഭ അടിയന്തരം

Azadi Ka Amrit Mahotsav

കേരളസർക്കാർ

നം. 69/2026/ധന
ധനകാര്യ (പി.എസ്.എ.) വകുപ്പ്
തിരുവനന്തപുരം
തീയതി:17.11.2026

പരിപത്രം

വിഷയം: 16-ാം കേരളനിയമസഭ - 3-ാം സമ്മേളനം (**30.11.2026 മുതൽ 10.12.2026 വരെ)** - ബഹു: മുഖ്യമന്ത്രി ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ അറിയിക്കുന്നത് - പരിപത്രം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. നിയമസഭാ സെക്രട്ടറിയേറ്റിന്റെ 13.11.2026-ലെ ബുള്ളറ്റിൻ നമ്പർ 113 ഭാഗം 2.
2. 03.12.2022-ലെ 101/പി.എസ്.എ./2022/ധന. നമ്പർ

പരിപത്രം.

പതിനാറാം കേരളനിയമസഭയുടെ മൂന്നാം സമ്മേളനം 30.11.2026 മുതൽ 10.12.2026 വരെ സമ്മേളിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സമ്മേളനകാലത്ത് ബഹു: മുഖ്യമന്ത്രി നിയമസഭാ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതിന് നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങൾ ചുവടെ ചേർക്കുന്നു:-

നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ

ബഹു: മുഖ്യമന്ത്രി	**2026 നവംബർ 30 &** **2026 ഡിസംബർ 07**

പ്രസ്തുത സമ്മേളനവുമായി ബന്ധപ്പെട്ടു കൊണ്ട് ധനകാര്യ വകുപ്പിലെ വിവിധ സെക്ഷനുകളുടെ അറിവിലേയ്ക്കും വീഴ്ചയില്ലാതെ പാലിക്കുന്നതിനുമായി താഴെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

ധനകാര്യ വകുപ്പിലെ ഓരോ സെക്ഷനും അവരുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യത്തിന്റെ മറുപടിയുടെ കരട് നിശ്ചയിച്ചിട്ടുള്ള ദിവസത്തിന് നാല് പ്രവൃത്തി ദിവസങ്ങൾക്ക് മുമ്പായി ബഹു: മുഖ്യമന്ത്രിക്ക്/ബഹു: ധനകാര്യ മന്ത്രിക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും, ഉത്തരത്തിന്റെ അസ്സൽ പകർപ്പ് അതത് സെക്ഷൻ ഓഫീസർ **നീല മഷിയിൽ** ഒപ്പിട്ടത് (നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന്റെ മറുപടിയുടെ **5** പകർപ്പുകളും **(ഫയൽ സഹിതം)**/നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയുടെ **1** പകർപ്പും) **ചോദ്യത്തിന്റെ തലേദിവസം മദ്ധ്യാഹ്നത്തിന് (ഒരു മണിക്ക്)** മുമ്പായി ധനകാര്യ (പി.എസ്.എ.) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

കൂടാതെ, ചോദ്യങ്ങൾക്കുള്ള മറുപടി ഇ-നിയമസഭ പോർട്ടൽ (www.eniyamasabha.in) മുഖേന ഓൺലൈനായി ലഭ്യമാക്കേണ്ടതാണ്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വണവും സംബന്ധിച്ച ചട്ടം 33A പ്രകാരം നക്ഷത്ര ചിഹ്നമിട്ട എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങൾ അനുവദിച്ച ദിവസങ്ങളിൽ ചോദ്യോത്തര സമയത്തിന് 30 മിനിട്ട് മുമ്പായി ഇ-നിയമസഭാ പോർട്ടൽ വഴി ലഭ്യമാക്കേണ്ടതാണ്. ടി നിയമസഭാ പോർട്ടലുമായി ബന്ധപ്പെട്ട യൂസർ നെയിം, പാസ്സ്വേർഡ് മറ്റ് വിവരങ്ങൾ എന്നിവയ്ക്ക് 251-2244/9446090740/9895013187 എന്ന നമ്പരുകളിൽ ഏതെങ്കിലും ഒന്നിൽ ബന്ധപ്പെടേണ്ടതാണ്.

ശ്രദ്ധക്ഷണിക്കൽ, ഉപക്ഷേപം, ബില്ലുകൾ എന്നീ വിഷയങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ട ഫയൽ ബഹു: മുഖ്യമന്ത്രിക്ക്/ബഹു: ധനകാര്യ മന്ത്രിക്ക് ആവശ്യമായ വിവരങ്ങൾ സഹിതം യഥാസമയം സമർപ്പിക്കേണ്ടതുമാണ്.

അതോടൊപ്പം 22.02.2022-ലെ 13/പി.എസ്.എ./2022/ധന., 03.12.2022-ലെ 101/പി.എസ്.എ./2022/ധന. എന്നീ സർക്കുലറുകളിലെ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

മേൽ സമ്മേളനകാലത്തെ സ്വീകരിച്ച നടപടികളുടെ കണക്കും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ശ്രീമതി എൽ
അഡീഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ധനകാര്യ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in

പതിനാറാം കേരളനിയമസഭ

മൂന്നാം സമ്മേളനം

കലണ്ടർ

നവംബർ 2026

നവംബർ 30, തിങ്കൾ	:	ഗവൺമെന്റ് കാര്യം

ഡിസംബർ 2026

ഡിസംബർ 1, ചൊവ്വ ഡിസംബർ 2, ബുധൻ ഡിസംബർ 3, വ്യാഴം	:	ഗവൺമെന്റ് കാര്യം
ഡിസംബർ 4, വെള്ളി	:	ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും
ഡിസംബർ 7, തിങ്കൾ ഡിസംബർ 8, ചൊവ്വ ഡിസംബർ 9, ബുധൻ ഡിസംബർ 10, വ്യാഴം	:	ഗവൺമെന്റ് കാര്യം

കുറിപ്പ് :— പ്രസ്തുത കലണ്ടർ ദൈനംദിന കാര്യക്രമത്തിലുണ്ടാകാവുന്ന മാറ്റങ്ങൾക്ക് വിധേയമാണ്.

തിരുവനന്തപുരം,
2026 നവംബർ 13.

ഷാജി സി. ബേബി,
സെക്രട്ടറി-ഇൻ-ചാർജ്ജ്.

പതിനാറാം കേരളനിയമസഭ

മൂന്നാം സമ്മേളനം

ബുള്ളറ്റിൻ – ഭാഗം 2

2026 നവംബർ 13

നമ്പർ:-113

മൂന്നാം സമ്മേളനകാലത്ത് മന്ത്രിമാർ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിനായി നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ താഴെ ചേർക്കുന്നു.

2026 നവംബർ 30 2026 ഡിസംബർ 07	മുഖ്യമന്ത്രി ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
2026 ഡിസംബർ 01, 08	ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി
2026 ഡിസംബർ 02, 09	പട്ടികജാതി, പട്ടികവർഗ്ഗ – പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി
2026 ഡിസംബർ 03, 10	പൊതുമരാമത്ത് വകുപ്പ് മന്ത്രി പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി റവന്യൂ വകുപ്പ് മന്ത്രി വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി

2026 ഡിസംബർ 04

കൃഷി വകുപ്പ് മന്ത്രി

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി

കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി

ഗതാഗത വകുപ്പ് മന്ത്രി

തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി